REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 28-11-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെന്റ് തടസ്സപ്പെട്ടു, ഇരുസഭകളും ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.
- വയനാട് MP യായി കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു.
- സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 3,283 കോടി രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.
- ആലപ്പുഴയിൽ നവജാത ശിശുവിന്റെ വൈകല്യം നേരത്തെ കണ്ടെത്തിയില്ലെന്ന ആരോപണം പ്രത്യേക സംഘം അന്വേഷിക്കും.
- ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, FC ഗോവയെ നേരിടും.

## വാർത്തകൾ വിശദമായി

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിൽ ബഹളം. രാജ്യസഭയും ലോക്സഭയും 12 വരെ നിർത്തി വെച്ചു. കോൺഗ്രസ്, സമാജ്വാദി പാർട്ടി, DMK എന്നിവയുൾപ്പെടെ പ്രതിപക്ഷ പാർട്ടികൾ പ്രമുഖ ബിസിനസ് ഗ്രൂപ്പിനെതിരെ കൈക്കൂലി ആരോപണമുൾപ്പെടെ വിവിധ വിഷയങ്ങൾ ഉന്നയിച്ചതോടെയാണ് സഭ ബഹളത്തിൽ മുങ്ങിയത്. പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളികളുമായി സഭയുടെ നടുത്തളത്തിലിറങ്ങി.

സഭയുടെ അന്തസ്സും മര്യാദയും നിലനിർത്തണമെന്ന്  സ്പീക്കർ ഓം ബിർള ആവർത്തിച്ച് അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷ അംഗങ്ങൾ ബഹളം തുടർന്നു. ഇതോടെയാണ് സ്പീക്കർ സഭ നിർത്തിവെച്ചത്.

✪✪✪

ലോക്സഭയും രാജ്യസഭയും തടസ്സപ്പെടുത്തിയ പ്രതിപക്ഷ പാർട്ടികളെ ചോദ്യം ചെയ്ത് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. സ്പീക്കറും ചെയർമാനും അനുവദിക്കുന്ന വിഷയങ്ങളിൽ ഗവണ്മെന്റ് ചർച്ചയ്ക്ക് തയ്യാറാണെന്ന് പാർലമെന്റ് സമുച്ചയത്തിൽ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സാമൂഹ്യമാധ്യമങ്ങൾക്കും  OTT പ്ലാറ്റ്ഫോമുകൾക്കും മേൽ കർശനമായ നിയമം ഏർപ്പെടുത്തണമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ പറഞ്ഞു. ഇവയിലെ അശ്ലീല ഉള്ളടക്കങ്ങൾ കൈകാര്യം ചെയ്യാൻ ഇപ്പോഴത്തെ നിയമങ്ങൾ കൂടുതൽ ശക്തമാക്കേണ്ട ആവശ്യമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇപ്പോൾ സാമൂഹ്യമാധ്യമങ്ങൾ പത്രസ്വാതന്ത്ര്യം വളരെയേറെ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും, അതേസമയം ആവശ്യമായ എഡിറ്റോറിയൽ പരിശോധനകൾ ഇല്ലാത്തതു മൂലം അശ്ലീല ഉള്ളടക്കങ്ങൾ കണക്കിലേറെ ഉണ്ടാകുന്നതായും അശ്വിനി വൈഷ്ണവ് വിശദീകരിച്ചു.

✪✪✪

ജാർഖണ്ഡിൽ മുഖ്യമന്ത്രിയായി JMM നേതാവ് ഹേമന്ദ് സോറൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിലെ മൊർഹബാദി മൈതാനത്ത് ഗവർണർ സന്തോഷ് കുമാർ ഗാങ് വാർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും.

✪✪✪

മഹാരാഷ്ട്ര ഗവൺമെന്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ഏക്നാഥ് ഷിൻഡെയ്ക്കും ദേവേന്ദ്ര ഫഡ്നാവിസിനുമൊപ്പം  ഇന്ന് ഡൽഹിയിൽ BJP യുമായി ചർച്ച നടത്തുമെന്ന് NCP നേതാവ് അജിത് പവാർ അറിയിച്ചു.

മഹാരാഷ്ട്രയിലെ  അടുത്ത മുഖ്യമന്ത്രിയുടെ കാര്യത്തിൽ BJP കേന്ദ്രനേതൃത്വ തീരുമാനത്തെ പിന്തുണക്കുമെന്ന് ശിവസേന നേതാവും കാവൽ മുഖ്യമന്ത്രിയുമായ ഏകനാഥ് ഷിൻഡെ  താനെയിൽ അറിയിച്ചു.

✪✪✪

വയനാട് MP യായി കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു. ഇന്ത്യൻ ഭരണഘടന കൈയിലേന്തിയാണ് പ്രിയങ്ക സത്യവാചകം

ചൊല്ലിയത്. മാതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ സോണിയ ഗാന്ധി, സഹോദരനും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി എന്നിവർക്കൊപ്പമാണ് സത്യപ്രതിജ്ഞക്കായി അവർ പാർലിമെന്റിൽ എത്തിയത്. സത്യപ്രതിജ്ഞയ്ക്ക് മുന്നോടിയായി ചേർന്ന കോൺഗ്രസ് പാർലമെന്ററി യോഗത്തിൽ പ്രിയങ്ക ഗാന്ധി പങ്കെടുത്തിരുന്നു.

അടുത്ത ശനി, ഞായർ ദിവസങ്ങളിൽ പ്രിയങ്ക ഗാന്ധി വയനാട് സന്ദർശിക്കും.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 3,283 കോടി രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. വികസന ഫണ്ടിന്റെ രണ്ടാം ഗഡു 1905 കോടി രൂപയും, മെയിന്റനൻസ് ഗ്രാന്റിന്റെ മൂന്നാം ഗഡു 1377 കോടി രൂപയുമാണ് അനുവദിച്ചത്.

ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ 1,929 കോടി രൂപ ലഭിക്കും. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 320 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് 375 കോടിയും, മുൻസിപ്പാലിറ്റികൾക്ക് 377 കോടിയും വകയിരുത്തി. കോർപറേഷനുകൾക്ക് 282 കോടിയും അനുവദിച്ചു.

ഈ സാമ്പത്തിക വർഷം ഇതിനകം 9,800 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതായും ബാലഗോപാൽ അറിയിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സപ്ലിമെന്ററി കരാർ ഒപ്പു വച്ചതായി മന്ത്രി V.N വാസവൻ അറിയിച്ചു. പുതിയ കരാർ അനുസരിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങൾ 2028 ഓടെ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ഒമ്പത് ദിവസം നീണ്ട 55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്ന് സമാപിക്കും. ജർമ്മൻ ചിത്രമായ ഡ്രൈ സീസൺ മേളയിലെ അവസാന ചിത്രമായി പ്രദർശിപ്പിക്കും. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന സമാപന ചടങ്ങിൽ സുവർണമയൂരമടക്കം പുരസ്കാരങ്ങൾ പ്രഖ്യാപിക്കും.

✪✪✪

കോസ്റ്റ്ഗാർഡിന്റെ 22-ാമത് ദേശീയ കപ്പലോട്ട - തെരച്ചിൽ - രക്ഷാപ്രവർത്തന ബോർഡ് യോഗം കൊച്ചിയിൽ ആരംഭിച്ചു. കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ

S പരമേഷ് പരിപാടിയിൽ അധ്യക്ഷനായിരുന്നു. രണ്ടു ദിവസത്തെ കോസ്റ്റ്ഗാർഡ് ശില്പശാലയും കൊച്ചിയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഊട്ടി വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിലെ പരിപാടിയിൽ പങ്കെടുക്കും. നാളെ നീലഗിരിയിൽ ആദിവാസികളുമായി രാഷ്ട്രപതി സംവദിക്കും.

✪✪✪

മനുഷ്യക്കടത്ത് കേസുമായി ബന്ധപ്പെട്ട് രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ ദേശീയ അന്വേഷണ ഏജൻസി റെയ്ഡ് നടത്തി. ആറ് സംസ്ഥാനങ്ങളിലെ 22 സ്ഥലങ്ങളിലാണ് റെയ്ഡ് നടന്നത്.

മ്യാൻമറിലും ലാവോസിലും സ്ഥിതി ചെയ്യുന്ന സൈബർ തട്ടിപ്പ് കേന്ദ്രങ്ങളുമായി ചില സ്ഥാപനങ്ങൾക്ക് ബന്ധമുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തി.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് മറ്റന്നാൾ നടത്തും. ഇതിനു മുന്നോടിയായി പരിശീലനം നേടിയ കേഡറ്റുകളുടെ ഔട്ട്ഡോർ ട്രെയിനിങ് പ്രദർശനം ഇന്ന് വൈകുന്നേരം അക്കാദമി മൈതാനിയിൽ നടത്തും.

✪✪✪

ഗവൺമെന്റ് ഉദ്യോഗസ്ഥർ ക്ഷേമ പെൻഷൻ വാങ്ങുന്നത് തെറ്റായ കാര്യമാണെന്ന് മന്ത്രി KN ബാലഗോപാൽ വ്യക്തമാക്കി. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായി നടപടിയുണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

സംസ്ഥാനത്ത് ഗസറ്റഡ് ഓഫീസർമാർ ഉൾപ്പെടെ 1458 ഗവൺമെന്റ് ജീവനക്കാർ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ പരിശോധനയിലാണ് കണ്ടെത്തിയത്.

✪✪✪

ആലപ്പുഴയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നവജാത ശിശുവിന്റെ വൈകല്യം നേരത്തെ കണ്ടെത്തിയില്ലെന്ന ആരോപണത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷണം നടത്തുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. സംഭവം

ശ്രദ്ധയിൽപ്പെട്ടയുടൻ അന്വേഷണത്തിന് മന്ത്രി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ജില്ലാതലത്തിൽ അന്വേഷണം ഇന്നലെ ആരംഭിച്ചതായും മന്ത്രി അറിയിച്ചു. സ്കാനിംഗ് സെന്ററിനെപ്പറ്റിയും അന്വേഷണം നടത്തുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംഭവത്തിൽ നാല് ഡോക്ടർമാർക്കെതിരെ കേസെടുത്തു. ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ്മാരായ ഡോക്ടർമാർക്കും സ്വകാര്യ ലാബിലെ രണ്ട് ഡോക്ടർമാർക്കുമെതിരെയാണ് കേസെടുത്തത്. ആലപ്പുഴ സ്വദേശികളായ ദമ്പതികളുടെ പരാതിയിൽ സൗത്ത് പോലീസാണ് കേസെടുത്തിരിക്കുന്നത്.

ഗർഭകാലത്ത് പലതവണ സ്കാനിംഗ നടത്തിയെങ്കിലും ഡോക്ടർമാർ വൈകല്യം തിരിച്ചറിഞ്ഞില്ലെന്നാണ് കുട്ടിയുടെ അമ്മയുടെ പരാതി. സംഭവത്തിൽ കുട്ടിയുടെ കുടുംബം മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രാഥമിക കണക്കെടുപ്പ് പൂർത്തിയായതായി മന്ത്രി V ശിവൻകുട്ടി പറഞ്ഞു. പ്രാഥമിക വിവരമനുസരിച്ച് 827 സ്ഥാപനങ്ങൾക്ക് അംഗീകാരമില്ലെന്ന് കണ്ടെത്തിയായി മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി യോഗം വിളിച്ചു ചേർത്തതായും മന്ത്രി പറഞ്ഞു. സ്കൂളുകളുടെ പട്ടികയും ലഭ്യമായ വിവരങ്ങളും മുഖ്യമന്ത്രിക്ക് കൈമാറും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ വൈകിട്ട് ഏഴരയ്ക്ക് FC ഗോവയെ നേരിടും.

ഇന്നലെ കൊൽക്കത്തയിൽ ബംഗളുരു FC ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് മൊഹമ്മദെൻ SC യെ തോൽപ്പിച്ചു.

✪✪✪

ഇന്ത്യ A, ഇന്ത്യ B, ദക്ഷിണാഫ്രിക്ക ടീമുകൾ ഉൾപ്പെടുന്ന വനിതാ അണ്ടർ 19 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ത്യൻ A, B ടീമുകളെ വനിതാ സെലക്ഷൻ കമ്മിറ്റി പ്രഖ്യാപിച്ചു. സനിക ചൽകെ A ടീമിന്റെ ക്യാപ്റ്റനും നിക്കി പ്രസാദ് B ടീമിന്റെയും ക്യാപ്റ്റനാണ്.

✪✪✪

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലചിത്ര മേളയോടനുബന്ധിച്ച് ടൂറിംഗ് ടാക്കീസ് വിളംബര ജാഥ കണ്ണൂർ ജില്ലയിൽ പര്യടനം തുടങ്ങി. രാവിലെ പയ്യന്നൂരിലാണ് ടൂറിംഗ് ടാക്കീസ് എത്തിയത്.

വിശദാംങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്) .............

✪✪✪

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സപ്ലിമെന്ററി കരാർ ഒപ്പു വച്ചതായി മന്ത്രി V.N വാസവൻ അറിയിച്ചു. പുതിയ കരാർ അനുസരിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങൾ 2028 ഓടെ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ശബരിമലയിൽ മണ്ഡലകാലം ആരംഭിച്ചത് മുതൽ സന്നിധാനം, പമ്പ, ഔട്ടർ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലായി പരിശോധനകൾ ശക്തമാക്കി ഭക്ഷ്യ സുരക്ഷാ വകുപ്പ്. ഇതുവരെ 1,008 പരിശോധനകൾ നടത്തി. 53 സ്ഥാപനങ്ങൾക്ക് മൂന്ന് ലക്ഷത്തി ഏഴായിരം രൂപ പിഴയും ചുമത്തിയിട്ടുണ്ട്.

✪✪✪

സ്വർണവില പവന് 120 രൂപ കുറഞ്ഞ് 56,720 രൂപയായി. ഗ്രാമിന് 15 രൂപ താഴ്ന്ന് 7,090 രൂപയാണ് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് അവസാനിക്കും. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും പേര് ചേർക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪